**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 128

10.02.2020 - ൽ മറുപടിക്ക്.

## കുടുംബശ്രീ ശക്തിപ്പെടുത്താൻ നടപടി

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.പി.ഉണ്ണി | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടുംബശ്രീ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) കുടുംബശ്രീ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഇതിന്റെ ഭാഗമായി ഏതെല്ലാം വിഭാഗക്കാർക്കായിട്ടാണ് പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളത്; | (ബി) ഈ സർക്കാരിന്റെ കാലത്ത് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ അയൽക്കൂട്ടങ്ങളും (32,860 അംഗങ്ങൾ), 48 ട്രാൻസ്ജൻഡർ അയൽക്കൂട്ടങ്ങളും (556 അംഗങ്ങൾ), 23,858 വയോജന അയൽക്കൂട്ടങ്ങളും (2,83,615 അംഗങ്ങൾ) രൂപീകരിച്ചിട്ടുണ്ട്. കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രത്യേക അയൽക്കൂട്ടങ്ങളെ ശക്തിപ്പെടുത്തുന്നതിനായി റിലേഷൻഷിപ്പ് കേരള എന്ന പേരിൽ പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) അയൽക്കൂട്ടങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്വയം വിലയിരുത്തുന്നതിനുമായി വിപുലമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) അയൽക്കൂട്ടങ്ങളുടെ സ്വയം വിലയിരുത്തലിനായി 2017 ൽ ദിശ ക്യാമ്പയിൻ സംഘടിപ്പിച്ചു. 2019-20 സാമ്പത്തിക വർഷത്തിൽ സിഡിഎസ്സുകളെ സ്വയംപര്യാപ്തമാക്കാൻ വിപുലമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി 1064 സിഡിഎസ്സുകളെ ഗ്രേഡിംഗ് നടത്തി, നിലവിലെ സിഡിഎസ്സുകളുടെ അവസ്ഥ മനസ്സിലാക്കുകയും, ഏറ്റവും മികച്ച ഗ്രേഡ് ലഭിച്ച 14 സിഡിഎസ്സുകളുടെ പ്രവർത്തനങ്ങൾ Meet the CDS പ്രോഗ്രാമിലൂടെ സംസ്ഥാന മിഷനിൽ വച്ച് അവരുടെ അനുഭവങ്ങൾ അവതരിപ്പിക്കാനുള്ള അവസരം നൽകി. ഇതിൽ 2 സിഡിഎസ്സുകളെ കമ്മ്യൂണിറ്റി മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ / മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു. |
| (ഡി) വിനോദസഞ്ചാര മേഖലയിൽ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) കേരളത്തിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ ഉപജീവന സാധ്യത കണക്കിലെടുത്ത് 140 വനിതകൾക്ക് പരിശീലനം നൽകി വിവിധ ജില്ലകളിലായി 28 ഹോംസ്റ്റേകൾ കുടുംബശ്രീ ആരംഭിച്ചിട്ടുണ്ട്. തുടർന്നും കൂടുതൽ ഹോംസ്റ്റേകൾ ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ

**പൊതു അയൽക്കൂട്ടങ്ങളുടെ വ്യാപനം**

ഈ സർക്കാരിന്റെ കാലയളവിൽ 41,962 അയൽക്കൂട്ടങ്ങൾ സംസ്ഥാനത്ത് പുതുതായി രൂപീകരിക്കപ്പെട്ടു. ഇതിലൂടെ 4,83,568 കുടുംബങ്ങൾ കുടുംബശ്രീയിൽ അയൽക്കൂട്ടങ്ങളിലേക്ക് കടന്നുവന്നു. നിലവിൽ ആകെ 2,91,507 അയൽക്കൂട്ടങ്ങളിലായി 43,93,579 കുടുംബങ്ങൾ കുടുംബശ്രീയിൽ അംഗങ്ങളായിട്ടുണ്ട്.

**ദിശ ക്യാമ്പയിൻ 2017**

കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തെ സമയബന്ധിതമായി സ്വയം നവീകരിക്കുക എന്ന ലക്ഷ്യത്തോടു കൂടി 2017 ജനുവരി ഒന്നു മുതൽ 31 വരെ ദിശ എന്ന പേരിൽ വിപുലമായ ക്യാമ്പയിൻ സംഘടിപ്പിച്ചു.

**ദിശ പരിശീലനം 2017**

കുടുംബശ്രീ സി ഡി എസ് ചെയർപേഴ്സൺമാർ, ഉപസമിതി അംഗങ്ങൾ, എ ഡി എസ് അംഗങ്ങൾ എന്നിവർക്ക് ക്രമമായ പരിശീലനം നൽകാത്തതിനാൽ സംഘടനാപരമായ നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിച്ചിരുന്നു. ഇതു മനസ്സിലാക്കി 2017 ഏപ്രിൽ, മെയ് മാസങ്ങളിലായി ദിശ എന്ന പേരിൽ പരിശീലനം സംഘടിപ്പിച്ചു.

**കുടുംബശ്രീ സ്കൂൾ 2017, 2018**

കുടുംബശ്രീ പദ്ധതികളെക്കുറിച്ച് അംഗങ്ങളെ ബോധവത്ക്കരിക്കണമെന്ന് ദിശ ക്യാമ്പയിനിൽ നിന്നും മനസ്സിലായി. ഈ തിരിച്ചറിവിൽ നിന്നുകൊണ്ടാണ് എല്ലാ കുടുംബശ്രീ അംഗങ്ങളെയും പരിശീലിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീ സ്കൂൾ എന്ന ബൃഹത്തായ അനൗപചാരിക വിദ്യാഭ്യാസ പരിപാടിക്ക് തുടക്കം കുറിച്ചത്.

**സമന്വയം 2017 - ത്രിതല തദ്ദേശഭരണ സ്ഥാപനതല ജനപ്രതിനിധികൾക്കായുള്ള പരിശീലനം**

കുടുംബശ്രീയും തദ്ദേശഭരണ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തുക, കൂട്ടായ പ്രവർത്തനാസൂത്രണം സാധ്യമാക്കുന്നതിനായി കുടുംബശ്രീ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടുകൂടി 2017 നവംബർ, ഡിസംബർ മാസങ്ങളിലായി മേഖലാതലങ്ങളിൽ ദ്വിദിന ശില്പശാലകൾ സംഘടിപ്പിച്ചു.

**അയൽക്കൂട്ട വർഷം 2018 - 2019**

കുടുംബശ്രീ സ്കൂളിന്റെ അനുഭവത്തിൽ അയൽക്കൂട്ടങ്ങളെ ശക്തിപ്പെടുത്തുക, അർഹരായ മുഴുവൻപേരെയും അയൽക്കൂട്ടങ്ങളിൽ അംഗമാക്കുക എന്ന ലക്ഷ്യത്തോടെ 2018 - 19 സാമ്പത്തിക വർഷം അയൽക്കൂട്ട വർഷമായി ആചരിച്ചു.

**കുടുംബശ്രീ ഭാരവാഹികൾക്കായുള്ള പരിശീലനങ്ങൾ**

2017, 2018, 2019 വർഷങ്ങളിൽ കേളി എന്ന പേരിൽ സി ഡി എസ് ചെയർപേഴ്സൺ, ഉപസമിതി അംഗങ്ങൾ, മെമ്പർസെക്രട്ടറിമാർ, അക്കൗണ്ടന്റുമാർ, എ ഡി എസ് ഭാരവാഹികൾ എന്നിവർക്കായി പരിശീലനം സംഘടിപ്പിച്ചു. ദീർഘകാലത്തെ ഇടവേളക്കുശേഷമായിരുന്നു ഇപ്രകാരമൊരു പരിശീലനം സംഘടിപ്പിച്ചത്.

**തീരശ്രീ**

തീരദേശമേഖലയിൽ കുടുംബശ്രീ സംഘടനാ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനായി നടപ്പാക്കിയ പദ്ധതിയാണ് തീരശ്രീ. ഇതിന്റെ ഭാഗമായി 82 സി ഡി എസുകളിൽ കോസ്റ്റൽ വോളന്റിയേഴ്സിനെ നിയമിക്കുകയും കുടുംബശ്രീ സംഘടനാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി വരികയും ചെയ്യുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ ഒരു തീരദേശ അയൽക്കൂട്ടത്തിന് 15,000 രൂപ വീതം ആകെ 2,000 അയൽക്കൂട്ടങ്ങൾക്ക് 3.00 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 1500 അയൽക്കൂട്ടങ്ങൾക്ക് 1.50 കോടി രൂപയും റിവോൾവിംഗ് ഫണ്ടിനത്തിൽ നൽകി.

**അയൽക്കൂട്ടങ്ങൾ ഡിജിറ്റലാകുന്നു**

ഗ്രാമീണ അയൽക്കൂട്ടങ്ങളെ ഡിജിറ്റലാക്കുന്നതിനായി 2018-19 മുതൽ ശ്രമമാരംഭിച്ചു. ഇതിന്റെ ഭാഗമായി 229907 ഗ്രാമീണ അയൽക്കൂട്ടങ്ങളിൽ 219590 അയൽക്കൂട്ടങ്ങളും അവരുടെ രൂപീകരണ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്തു. 96 ശതമാനം അംഗങ്ങളുടെ വിവരങ്ങളും ഡിജിറ്റൽ എം ഐ എസിലേക്ക് അപ് ലോഡ് ചെയ്തു.

**സുസ്ഥിരം ക്യാമ്പയിൻ** - 2019-20 സാമ്പത്തിക വർഷത്തിൽ സിഡിഎസ്സുകളെ സ്വയംപര്യാപ്തമാക്കാൻ വിപുലമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി 1064 സിഡിഎസ്സുകളെ ഗ്രേഡിംഗ് നടത്തുകയും പ്രവർത്തന പോരായ്മകൾ പരിഹരിക്കുന്നതിനായി നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു.

**സ്പർശം ക്യാമ്പയിൻ** - 2018 ജനുവരി- ഫെബ്രുവരി മാസങ്ങളിൽ കേരളത്തിലെ 93 നഗരസഭകളിലും കുടുംബശ്രീ ത്രിതല സംവിധാന ശാക്തീകരണത്തിന്റെ ഭാഗമായി സ്പർശം ക്യാമ്പയിൻ സംഘടിപ്പിക്കുകയുണ്ടായി. ഇപ്രകാരം 6,328 പുതിയ നഗര അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് 113904 കുടുംബങ്ങളെ കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളാക്കി.

സെക്ഷൻ ഓഫീസർ